
SPERO




# സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്ക്കൂൾ പുതുക്കാട്

SPERO

<u>താളുകളിലൂടെ</u>

സന്ദേശം

വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ ഒരു അവലോകനം

വിവരണം

കവിത

ചിത്രരചന

വായനാനുഭവം

ചിത്രലോകം

കവിത

# സന്ദേശം



വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ
വിടരുന്നിടമാണ് മാഗസിനുകൾ.

മാഗസിനുകൾ ഡിജിറ്റൽവൽക്കരിക്കുന്ന
ഈ യുഗത്തിൽ പുതുക്കാട്

സെൻ്റ് ആൻ്റണീസ് വിദ്യാലയത്തിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ

കൂട്ടായ്മയിൽ വിരിഞ്ഞ ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

റവ.ഫാദർ ആന്റോ കാഞ്ഞിരത്തിങ്കൽ (ഹെഡ് മാസ്റ്റർ)

# എഡിറ്റോറിയൽ ബോർഡ്

ആദിത്യ ഇ എസ്

ഡാനിയേൽ പോൾ പെരിഞ്ചേരി

അനന്യ സി ഡി

എവിൻ ടി ബെന്നി

ശബരീ നാഥ് കെ.ആർ

ഗ്ലോറിയ പി ആർ

# വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ- ഒരു അവലോകനം

പുണ്യശ്ലോകനായ വിശുദ്ധ അന്തോണീസിന്റെ പവിത്രനാമധേയത്തിൽ ഒരു പ്രൈമറി സ്ക്കൂളായി 1917 ജൂൺ 5 ാം തിയ്യതി ആരംഭിച്ച ഈ സരസ്വതീക്ഷേത്രത്തിൽ ഹൈസ്ക്കൂൾ ഹയർസെക്കന്ററി വിഭാഗങ്ങളിലായി 2000 ൽ പരം വിദ്യാർത്ഥികൾ വിദ്യ അഭ്യസിക്കുന്നു. ഹൈസ്ക്കൂൾ ഹയർസെക്കന്ററി വിഭാഗങ്ങളിലായി 80 അധ്യാപകരും 7 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു.

ജൂൺ 1 ാം തിയ്യതി പ്രവേശനോത്സവത്തോടെ ഈ അധ്യയനവർഷം ആരംഭിച്ചു. പ്രധാനധ്യാപകൻ റവ.ഫാദർ ആന്റോ കാഞ്ഞിരത്തിങ്കൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുകയും അധ്യാപകർ കുട്ടികൾക്ക് പകർന്നു നൽകുകയും ചെയ്തു.PTA പ്രസിഡന്റ് ശ്രീ.സുരേഷ് കെ.എൽ,MPTA പ്രസിഡന്റ് ശ്രീമതി ആനീസ് ആന്റണി എന്നിർ സന്നിഹിതരായിരുന്നു.വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും പ്രിൻസിപ്പാൾ ഡോ.കെ.എ.ജോയ് സന്ദേശം നൽകുകയും ചെയ്തു.

പഠനം ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങുന്നില്ല എന്ന തിരിച്ചറിവിന്റെ ആദ്യ ചുവട് പ്രകൃതിയിൽ നിന്ന് ആരംഭിക്കാം എന്ന ആശയം ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂൺ 5 ാം തിയ്യതി വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും അവ നട്ടു പരിപാലിക്കുന്നതിനെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് ലീഫ് ലെറ്റ്സ് വിതരണം ചെയ്യുകയും ചെയ്തു.

ജൂൺ 13 ാം തിയ്യതി വിശുദ്ധ അന്തോണീസിന്റെ തിരുനാളും തിരുഹൃദയ പ്രതിഷ്ഠയും സമുചിതമായി ആചരിച്ചു. അന്നേ ദിവസം തന്നെ സ്ക്കൂൾ മെറിറ്റ് ഡേയും സംഘടിപ്പിച്ചു. SSLC പരീക്ഷയിൽ Full A+ നേടിയ വിദ്യാർത്ഥികൾക്കും 9A+ നേടിയ വിദ്യാർത്ഥികൾക്കും സമ്മാനങ്ങൾ ശ്രീ.വെമ്പിൽ ജോൺസൺ വിതരണം ചെയ്തു.

ശതാബ്ദിയോടനുബന്ധിച്ച് സ്മരണികയുടെ
ഉദ്ഘാടനം ജൂൺ 16 ാം തിയ്യതി ബഹു.വിദ്യഭ്യാസമന്ത്രിയും പൂർവ്വവിദ്യാർത്ഥിയുമായ പ്രൊഫ.സി.രവീന്ദ്രനാഥ്,കൊടകര ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി അമ്പിളി സോമന് നൽകികൊണ്ട് നിർവഹിച്ചു.ശ്രീമതി ടി.ഒ.ഷേർളി ടീച്ചർ ,ശ്രീമതി സ്മിത സെബാസ്റ്റ്യൻ എന്നിവരെ ആദരിച്ചു.

ഫുൾ എ പ്ലസ് നേടിയ ഹൈസ്കൂൾ
ഹയർസെക്കന്ററി വിദ്യാർത്ഥികളെ പുരസ്ക്കാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. ഓ.എസ്.എ യുടെ ആഭിമുഖ്യത്തിൽ എൽ.പി സ്ക്കുളിലെ വിദ്യാർത്ഥികൾക്ക് കസേരയും ഹൈസ്ക്കുൾ ഹയർസെക്കന്ററി വിഭാഗങ്ങൾക്ക് വെയ്സ്റ്റ് ബിന്നും വിതരണം ചെയ്തു. പുതുക്കാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അമ്പിളി ശിവരാജൻ ശ്രീ കെ ജെ ഡിക്സൻ സ്കൂൾ മാനേജർ റവ. ഫാ. പോൾസൺ പാലത്തിങ്കൽ, എച് എം Rev Fr. ആന്റോ കാഞ്ഞിരത്തിങ്കൽ, പി ടി എ പ്രസിഡന്റുമാരായ ശ്രീ. ജോജോ കുറ്റിക്കാടൻ, ശ്രീ കെ എൽ സുരേഷ്, പ്രിൻസിപ്പാൾ ഡോ. കെ എ ജോയ് എന്നിവർ ആശംസകളർപ്പിച്ചു. റിട്ടയർ ചെയതു.

ശ്രീ പി എൻ പണിക്കരുടെ ജന്മദിനമായ ജൂൺ
പത്തൊമ്പതാം തിയ്യതി വായനാദിനം ആചരിച്ചു. പ്ലസ് വൺ വിദ്യാർത്ഥികളുടെ ഓപ്പണിങ്ങ് സെറിമണി ജൂൺ ഇരുപത്തിയേഴാം തിയ്യതി തൃശ്ശൂർ അതിരൂപതാ കോർപറേറ്റ് മാനേജർ റവ.ഫാ.ആന്റണി ചെമ്പകശ്ശേരി നിർവഹിച്ചു. ഓർമ്മയ്ക്കായ് ഒരു മരം എന്ന പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾ വൃക്ഷത്തൈ നൽകി. ശ്രീ. ശശി ഇമ്മാനുവൽ മോട്ടിവേഷൻ ക്ലാസ്സ് എടുക്കുകയും ചെയ്തു.

ഹയർസെക്കന്ററി വിഭാഗത്തിന്റെ ഹൈടെക്ക്
ഡിജിറ്റൽ ലൈബ്രറിയുടെയും റീഡിംഗ് റൂമിന്റെയും ഉദ്ഘാടനം ജൂലായ് പത്തൊമ്പതാം തിയ്യതി പ്രശസ്ത എഴുത്തുകാരനും കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ശ്രീ. അഷ്ടമൂർത്തി നിർവഹിച്ചു

SPERO

ഈ അദ്ധ്യയന വർഷത്തിലെ പി.ടി.എ ജനറൽ ബോഡി യോഗം സ്കൂൾ മാനേജർ റവ.ഫാ. പോൾസൺ പാലത്തിങ്കൽ നിർവഹിച്ചു. ഹയർ സെക്കന്ററി പി.ടി.എ പ്രസിഡന്റായി ശ്രീ. സുരേഷ് കെ .എൽ -നെയും ഹൈസ്കൂൾ പ്രസിഡന്റായി ശ്രീ. വിൻസെന്റ് നാനപ്പനേയും തെരഞ്ഞെടുത്തു. എം. പി. ടി. എ പ്രസിഡന്റുമാരായി ശ്രീമതി. സീന ജെസ്റ്റിനെയും ശ്രീമതി. ഓമന ലാസറെയും തെരഞ്ഞെടുത്തു. വിദ്യാർത്ഥികളുടെ പഠനവ്യക്തിത്വ വികസനത്തിൽ രക്ഷിതാക്കളുടെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ബൈജു ഫ്രാൻസിസ് സെമിനാർ നടത്തുകയും ചെയ്തു.

ജൂലായ് ഇരുപത്തിനാലാം തിയ്യതി പുതുക്കാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനം പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അമ്പിളി ശിവരാജനും ശ്രീ. കെ. ജെ. ഡിക്സനും നിർവഹിച്ചു. ഡോ. റോണ്ണി ജോൺസൻ പദ്ധതി വിശദീകരണം നടത്തി.

ആഗസ്റ്റ് പതിനാലാം തിയതി സ്കൂൾ തല കലോത്സവം സംഘടിപ്പിച്ചു. കലോത്സവത്തിന്റെ ഉദ്ഘാടനം പ്രശസ്ത കഥാകൃത്ത് പി.എസ്. റഫീക്ക് നിർവഹിച്ചു. വിദ്യാർത്ഥികളുടെ നിരവധി കലാവിരുന്നുകൾ ഉണ്ടായിരുന്നു.

ആഗസ്റ്റ് പതിനഞ്ചാം തിയ്യതി സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു. ഫാ. ജിന്റോ കുറ്റിക്കാട്ട് പതാക ഉയർത്തുകയും സ്വാതന്ത്ര്യദിനസന്ദേശം നൽകുകയും ചെയ്തു. വിദ്യാർത്ഥിപ്രതിനിധികളായ കുമാരി ദേവിക എസ്. മേനോൻ ,കുമാരി അമൃത കെ. ആർ എന്നിവർ സ്വാതന്ത്ര്യചിന്തകൾ പങ്ക് വെച്ചു. വിദ്യാർത്ഥികളുടെ ഫ്ളാഷ് മോബും ദേശഭക്തി ഗാനവും ഉണ്ടായിരുന്നു. പ്രധാനഅധ്യാപകൻ റവ.ഫാദർ.ആന്റോ കാഞ്ഞിരത്തിങ്കൽ പ്രിൻസിപ്പാൾ ഡോ.കെ.എ ജോയ് എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാലയത്തിലെ ചാരിറ്റി

പ്രവർത്തനങ്ങളുടെ ഭാഗമായി പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കും ദുരിതം അനുഭവിച്ചവർക്കും ഹൈസ്ക്കൂൾ ഹയർസെക്കന്ററി അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ശ്രമഫലമായി മൂന്നര ലക്ഷത്തോളം രൂപ സമാഹരിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.വിദ്യാലയത്തിലെ കാൻസർ ബാധിതനായ ഒരു വിദ്യാർത്ഥിയുടെ പിതാവിന് 25000 രൂപയും നൽകി.അധ്യാപകർ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുകയും പഠനോപകരണങ്ങൾ വസ്ത്രങ്ങൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു.നിർധനരോഗികൾക്ക് വേണ്ടി എല്ലാ ചൊവ്വാഴ്ച്ചയും പുതുക്കാട് താലൂക്ക് ആശുപത്രിയിലേക്ക് വിദ്യാർത്ഥിനി വിദ്യാർത്ഥികൾ പൊതിച്ചോർ നൽകി വരുന്നു.

സെപ്റ്റംബർ അഞ്ച് അധ്യാപകദിനം ആചരിച്ചു. വിദ്യാർത്ഥികൾ അധ്യാപകരെ പൂച്ചെണ്ടുകൾ നൽകി ആദരിച്ചു. ഹെഡ് മാസ്റ്റർ റവ.ഫാദർ.ആന്റോ കാഞ്ഞിരത്തിങ്കൽ പ്രിൻസിപ്പൾ ഡോ.കെ.എ ജോയ് .PTA President ശ്രീ വിൻസെന്റ് നാനാപ്പൻ,ശ്രീമതി ഷിജി വർഗീസ് എന്നിവർ അധ്യാപകദിന സന്ദേശം നൽകി

ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് നമ്മുടെ വിദ്യാലയം ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചു. 400 ഓളം ജനങ്ങൾതാമസിച്ചിരുന്നു.

ആതുരസേവനവും മാനുഷ്യസ്നേഹവും യഥാർത്ഥ്യമാക്കി സർവ്വലോക സാഹോദര്യം ഊട്ടിയുറപ്പിക്കാൻ JRC എന്ന സംഘടന പ്രവർത്തിച്ചുവരുന്നു.അതുപോലെ Guild,Asap,NCC,Harithasena, വിദ്യാരംഗം,സീഡ്, KCSL,നന്മ,വിവിധ ക്ലബുകൾ പ്രവർത്തിച്ച് വരുന്നു.

വിദ്യാർത്ഥികളുടെ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന് ഊട്ടി,വാഗമൺ,മൂന്നാർ എന്നിവിടങ്ങളിലേക്ക് വിനോദയാത്ര സംഘടിപ്പിച്ചു.

കേരള ബാലവകാശ സംരക്ഷണ കമ്മീഷന്റെ നിർദ്ദേശപ്രകാരം വിദ്യാർത്ഥികൾക്ക് നേരെയുള്ള അതിക്രമങ്ങളെ കുറിച്ച് അധ്യാപകരേയും അനധ്യാപകരേയും ബോധവൽക്കരിക്കുന്നതിന് ശ്രീമതി

SPERO

ഡാർളി ഡൊണാൾഡ് ക്ലാസ്സെടുത്തു.

മാനസിക,വൈകാരികത പക്വതയ്ക്ക് വേണ്ടി സാഹിത്യസമാജം,ഗാന്ധിജയന്തി,ഹിരോഷിമാ നാഗസാക്കിദിനം,കേരളപിറവി,ലഹരിവിരുദ്ധദിനം തുടങ്ങിയവ ആചരിച്ച് വരുന്നു.

ഈ അധ്യയനവവർഷത്തെവാർഷികാഘോഷം ഒല്ലൂർ നിയോജക മണ്ഡലം എം.എൽ.എ.ശ്രി.അഡ്വ.കെ.രാജൻ ഉദ്ഘാടനം ചെയ്തു . ശ്രീ സത്യൻ അന്തിക്കാട് , ശ്രീ.പ്രേം കൃഷ്ണൻ IAS അസി.കളക്ടർ തൃശൂർ, തൃശൂർ അതിരൂപതാ കോർപ്പറേറ്റ് മാനേജർ റവ.ഫാദർ ഡോ.ആന്റണി ചെമ്പകശേരി,സ്ക്കൂൾ മാനേജർ റവ.ഫാദർ പോൾസൺ പാലത്തിങ്കൽ, പ്രധാനാധ്യാപകൻ റവ.ഫാദർ ആന്റോ കാഞ്ഞിരിത്തിങ്കൽ,പ്രിൻസിപ്പാൾ ഡോ.കെ.എ.ജോയ് ,ശ്രീമതി അമ്പിളി ശിവരാജൻ,ശ്രീമതി ശകുന്തള കെ,ശ്രീമതി ജോളി ചുക്കിരി,ശ്രീ.രാജേഷ് അഷ്ടമി,ശ്രീ.വിൻസെന്റ് നാനാപ്പൻ,ശ്രീ.സുരേഷ് കെ.എൽ,ശ്രീമതി ഓമനാലാസർ, ശ്രീമതി സീന ജെസ്റ്റിൻ, ശ്രീമതി ജാൻസി പാനിക്കുളം,സിസ്റ്റർ ഡെയ്സി പോൾ, ശ്രീ.പ്രിൻസ് ഡേവിസ് അധ്യാപകർ അനധ്യാപകർ എന്നിവർ സന്നിഹിതരായിരുന്നു.














SPERO












സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂൾ, പുതുക്കാട്
ശതാബ്ദി സ്മരണിക
വിതരണ ഉദ്ഘാടനം
OSA


OSA






കേശദാനം സ്നേഹദാനം
കാൻസർ രോഗംമൂലം
മുടി നഷ്ടമായവർക്ക് സാന്ത്വനമായി
കേശദാനം ചെയ്ത വ്യക്തികളെ
ആദരിക്കലും സൗജന്യ വിഗ്ഗ് വിതരണവും
എവർക്കും
ഈ സ്നേഹകൂട്ടായ്മയിലേക്ക്
സ്വാഗതം...



## വിവരണം

### <u>ദൈവത്തിന്റെ സ്വന്തം നാട്</u>

പ്രകൃതിഭംഗിയും ഐശ്വര്യസമൃദ്ധിയും കൈകോർത്തുനിൽക്കുന്ന ദൈവത്തിന്റെ സ്വന്തം നാട്ടിൽ വിദേശികൾ അവധിക്കാലം ചിലവഴിക്കാനെത്തുന്നതിൽ അതിശയിക്കാനില്ല. കുഞ്ഞോളങ്ങളും കുളിർക്കാറ്റും താലോലിക്കുന്ന കോവളം കാണാനെത്തുന്നവർ കന്യാകുമാരി,വിശാലമായ ശംഖുമുഖം കടൽത്തീരം അകൃത്രിമ സൗന്ദര്യം നിറയുന്ന വേളി ടൂറിസ്റ്റ് ഗ്രാമം എന്നിവ അനന്തപുരി സന്ദർശിക്കുന്ന ഒരാൾ മനസ്സിൽ നിറയുന്ന ഒർമ്മകളായ് അവശേഷിക്കും. മലനിരകളുടെ സൗന്ദര്യവും താഴ്വാരങ്ങളുടെ സംഗാതവും ഒന്നുചേരുന്ന പൊന്മുടി,മനുഷ്യഭാവനയ്ക്ക് വിവരിക്കാനാവാത്ത കേളീരംഗമാണ്. വനഭംഗിയും നീർച്ചോലകളും എന്നും ഈ മലനിരകൾക്ക് സൗന്ദര്യം പകരുന്നു.

പെരിയാർ തടാകത്തിന്റെ തീരങ്ങളിൽ സ്വൈര്യവിഹാരം നടത്തുന്ന വന്യമൃഗങ്ങളുടെ ഉല്ലാസഭൂമിയായ തേക്കടിയും തേയിലക്കാടുകളുടെ ഹരിതശോഭയിൽ മുങ്ങി നിൽക്കുന്ന മൂന്നാറും കാനനഭംഗി കളിയാടുന്ന ഇടുക്കിയും ഹൈറേഞ്ച് പ്രദേശങ്ങളിൽ എത്തിച്ചേരുന്ന വിനോദ സഞ്ചാരികളെ ഏറെ ആകർഷിക്കുന്നു.

പ്രകൃതി രമണീയതയും അതിനോടൊപ്പം കൃത്രിമ സൗന്ദര്യവും ഒത്തുചേരുന്ന മലമ്പുഴ ആരേയും ആകർഷിക്കുന്ന ഒരു വിനോദ സഞ്ചാരകേന്ദ്രമാണ്.

മലനാടിന്റെ സൗന്ദര്യവും നിളയുടെ ശാലീനതയും കടലലകളുടെ ഗാംഭീര്യവും ഒക്കെയായി പ്രകൃതി അനുഗ്രഹിച്ച ആ മലയാള നാട്ടിൽ ജനിച്ച കവികൾക്കും കലാകാരന്മാർക്കും അനുഭൂതികൾ തേടി മറ്റൊരിടത്തും പോകേണ്ടി വരില്ല.

മലരണിക്കാടുകളതു തിങ്ങിവിങ്ങിയ മലമ്പ്രദേശവും മരതകകാന്തിയിൽ മുങ്ങിയ ഗ്രാമസൗന്ദര്യവും വാർത്തിങ്കൽ താലമെടുത്ത വസന്തരാവുകൾ പൊൻനൈതലാമ്പലുകൾ വിരിഞ്ഞുനിൽക്കുന്ന തടാകങ്ങളും കൈതപ്പൂ വിരിഞ്ഞ് നിൽക്കുന്ന വയൽ വരമ്പുകളും ഏത് ഋതുവിൽ വസന്തത്തിന്റെ മനോഹാരിത കൈവരുത്തുവാൻ സഹായിക്കുന്നു.

SPERO

പച്ചപ്പട്ട് പരവതാനി വിരിക്കുന്ന വയലേലകൾ,പനിനീർച്ചോലകൾ,കളകളം പാടുന്ന കുളിരരുവികൾ,നിറഞ്ഞ പുൽമേടുകൾ തീരങ്ങളെ തലോടിയൊഴുകുന്ന പുഴകൾ തിരമാലകളുടെ ആലിംഗന നിർവൃതിയിൽ മതിമയങ്ങുന്ന പാറക്കെട്ടുകൾ നിറഞ്ഞ കടർത്തീരങ്ങൾ കാട്ടുപൂക്കൾ നിറഞ്ഞ വേലിയറമ്പുകൾ ഫലവൃക്ഷങ്ങൾ നിറഞ്ഞ തൊടികൾ. തൊണ്ടു തല്ലുകയും കയറുപിരിക്കുകയും ചെയ്യ്ന്ന കായലോരങ്ങൾ കൊയ്ത്തും മെതിയും നടക്കുന്ന കായലോരങ്ങൾ,വലവീശിയും ചൂണ്ടയിട്ടും മീൻപിടിക്കുന്ന മുക്കുവർ താമസിക്കുന്ന കായലിന്റേയും കടലിന്റേയും മറ്റും തീരങ്ങൾ,വഞ്ചിപ്പാട്ടും കൊയ്ത്തുപാട്ടും അലയടിക്കുന്ന കുട്ടനാടൻ പ്രദേശങ്ങൾ ,ഓണക്കാലത്ത് വള്ളം കളികൊണ്ട് മനോഹരമായ പുഴകൾ ഇങ്ങനെ എത്ര വർണ്ണിച്ചാലും തീരാത്ത എത്ര വിവരണത്തിലും ഒതുങ്ങാത്ത പ്രകൃതിഭംഗി.

ആദിത്യ ഇ.എസ്
൧ C



**കവിത**

## സോദരാ

### നീ എങ്ങുപോയി......

നീ പോയ വഴികളിൽ ഞാൻ
നിന്നെ തിരയുന്നിതാ വഴിയിൽ
ആരുമില്ലാത്തവർക്കാശ്രയമായ്
നീ കൂടെയുണ്ടായിരുന്നുവെങ്കിൽ

എന്റെ പ്രിയസോദരാ നിന്നേ തേടി
ഞാനിതാ നിൻ മുൻപിലെത്തും നേരം
നീ എങ്ങുപോയ് മറഞ്ഞെങ്ങുപോയി
നീ എന്റെയുള്ളിലൊരോർമ്മയായി

അമ്മതൻ സ്നേഹമടർന്നുപോയി
സ്നേഹബന്ധങ്ങളുടഞ്ഞുപോയി
സൗഹൃദമെങ്ങോ തകർന്നുപോയി
നിൻ ചിരിയെങ്ങോ തകർന്നുപോയി

എല്ലാർക്കുമോമലായ് ആരോമലായ്
നോവിലും നൊമ്പരം ബാക്കിയാക്കി
എങ്ങുപോയി എങ്ങുപോയ്
എങ്ങുപോയി നീയിതെങ്ങുപോയി

പേടിയുണ്ടെങ്കിലുമെന്നുവേണ്ട
ഭയമുണ്ടുമെങ്കിലുമെന്നുവേണ്ട
ദയവുണ്ട് മനസ്സിന്റെ ഉൾവഴിയിൽ
കനിവുണ്ട് സ്നേഹമെന്നക്ഷരത്തിൽ



ശ്രേയസ് ലിനിത്
8B






SPERO

## വായനാനുഭവം

എന്റെ കുട്ടിക്കാലം -ചാർലി ചാപ്ലിൻ My childhood -Charlie Chaplin
കുട്ടികൾ വായിച്ചിരിക്കേണ്ട പുസ്തകം.ദാരിദ്ര്യത്തിൽ നിന്നും
അറിയപ്പെടുന്ന നടനായി മാറാൻ ചാപ്ലിന് കഴിഞ്ഞതുപോലെ
പരിശ്രമങ്ങളിലൂടെ നല്ല നിലയിലെത്താൻ ഈ പുസ്തകം നമ്മെ
പ്രചോദിപ്പിക്കുന്നു. ചാർലിൻ ചാപ്ലിന്റെ കുട്ടിക്കാലത്തെ അനുഭവം കുറിച്ച
പുസ്കമാണ് "എന്റെ കുട്ടിക്കാലം"
ചാപ്ലിൻ ആദ്യമായി സദസിനെ അഭിമുഖീകരിച്ചത് തന്റെ അമ്മയുടെ
നിസ്സഹായവസ്ഥയിലാണ്. മാനസികാരോഗിയായ അമ്മയും
മരിച്ചുപോയ അച്ഛനുമുള്ള ചാർലിൻ ചാപ്ലിന് വളരുവാൻ കഴിഞ്ഞത്
നമ്മുക്കും ഒരുപാഠമാണ്. ഈ ആത്മകഥയിലെ രണ്ടാനമ്മ
ദയാദാക്ഷിണ്യമില്ലാത്ത കഥാപാത്രമാണ്. വീട്ടിൽ നിന്നും
പുറത്താക്കിയപ്പോൾ പല പല ജോലികളിൽ ചാപ്ലിൻ കഴിവുകൾ
തെളിയിച്ചു.ഡോക്ടറുടെ സഹായകൻ,washmaker,വിറകുവെട്ടുകാരൻ
തുടങ്ങിയന അതിലെ ചിലതാണ്. തിരക്കേറിയ ജോലിക്കിടയിലും
അഭിനയിക്കുകയെന്ന കുടുംബപാരാമ്പര്യവും താൽപര്യവും കൈവിടാതെ
മുറുകെ പിടിച്ചു. നാടകനടനായിരുന്ന അച്ഛനമ്മമാരുടെ മക്കാളാണ്
ഞങ്ങളെന്ന് ചാപ്ലിനും സഹോദരൻ ഡിസ്നിയും തെളിയിച്ചു.
വിദ്യാർത്ഥിവിദ്യാർത്ഥിനികളിൽ ലക്ഷ്യബോധവും കഠിനാധ്വാനത്തിന്റെ
മഹത്ത്വവും വിളിച്ചോതുന്ന തരത്തിലാണ് ഈ പുസ്തകം

“ഞാൻ മഴയെ ഇഷ്ടപ്പെടുന്നുകാരണം മഴയത്തു കരഞ്ഞാൽ


ആരും കാണുകയില്ല ”ചാർലി ചാപ്ലിൻ



എവിൻ ടി ബെന്നി
൯ B

# ചിത്രലോകം








കവിത

## തനിച്ച്

വിജനമാം പാതയിൽ മഴ തനിച്ചാക്കിയ
വേഴാമ്പൽ പോലെ നിനച്ചിരിക്കേ
ഇനിയും തുറക്കാത്ത വാതിലിൽ
പിന്നെയും കരതാള ഭംഗിയെ ചേർത്തണക്കേ
കദനതീരത്തിലെ തിരയെണ്ണി എന്നുമാ
പ്രാന്തമാം ചിന്തയെ കോർത്തിണക്കി
വിഫല സ്വരങ്ങളെ ഉരുവിട്ട് എന്തിനോ
നിദ്രയെ എന്നും പിണക്കി നിർത്തി
ഏകയാം താഴ്വര നീട്ടുമോ കൈകളിൽ
എന്തിനോ വീണ്ടും കരം കൊടുത്തു
പിന്നെയും മീട്ടുമാ ഏകാന്ത സ്പന്ദനം
എന്നുമീ മിഴികളിൽ ധാരയായി

അനന്യ സി. ഡി
9 E



# ലിറ്റിൽ കൈറ്റ്സ് ടീം



# നന്ദി........

മാഗസിൻ തയ്യാറാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ആദരണീയരായ ഗുരുഭൂതന്മാർക്കും കൃതജ്ഞത അർപ്പിക്കുന്നു.

എഡിറ്റർ